കേരള സർക്കാർ

# മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)*

നം.കെ.എസ്.എ/ഇ.കെ.എം.(ബിപി)1547/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :07.09.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് -2018-19. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് -2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) എറണാകുളം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. ഇകെ.എം. (ബി.പി)1547/2019 തിയതി:07/09/2019

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 06.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി.മിനിമോൾ.കെ.ജി. ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 07.08.2019 മുതൽ 14.08.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.മിനു.പി.കെ, | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ.അജിമോൻ.പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.സ്വപ്ന.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ജയ സോമൻ | 01.04.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | : | ശ്രീ.ഗൗതമൻ.റ്റി.സത്യപാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | 1.ശ്രീ.നാരായണൻ നമ്പൂതിരി.എ.എൻ | 01.04.2018 മുതൽ 31.12.2018 വരെ |

| | | | |
|---|---|---|---|
| | | 2.ശ്രീ.ജൂഡ് ജോസഫ് | 01.01.2019 മുതൽ 31.01.2019 വരെ |
| | | 3.ശ്രീ.സന്തോഷ്കുമാർ.എസ് | 01.02.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് കൃഷി ഡയറക്ടർ | | ശ്രീമതി.ബിജി തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | | 1.ശ്രീമതി.ലിജി ആന്റണി | 01.04.2018 മുതൽ 07.06.2018വരെ |
| | | 2.ശ്രീമതി. കവിത.പി.വി. | 08.06.2018 മുതൽ 12.12.2018 വരെ |
| | | 3.ശ്രീമതി.മഞ്ചു.കെ.ആർ | 13.12.2018 മുതൽ 13.02.2019 വരെ |
| | | 4.ശ്രീമതി.ചിത്ര.പി | 14.02.2019 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി.നിഷ വി ഷെറീഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം ഓഫീസർ | | ശ്രീമതി.നമിത.ഇ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | | ശ്രീ.വിനോദ്കുമാർ.എ. | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. മുളന്തുരുത്തി | | ഡോ.ഷാജി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി.കീച്ചേരി | | ഡോ.സീന.എൻ.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി.പൂത്തോട്ട | | ഡോ.സലിം.കെ.വി | 01.04.2018മുതൽ 31.03.2019 വരെ |
| സീനിയർ വെറ്റിനറി സർജൻ | | ഡോ.സുമൻ പി ഐസക് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | 1.ശ്രീമതി.ഷബാന.കെ<br>2.ശ്രീമതി.മാഗ്ന.ടി.കെ<br>3.ശ്രീ.ബാലകൃഷ്ണൻ.പി.കെ | 1.4.2018 മുതൽ 3.5.2018വരെ<br>4.5.2018 മുതൽ 20.6.2018വരെ<br>21.6.2018 മുതൽ 31.3.2019 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതുഅവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷികകണക്കുകളിലെ അപാകതകൾ | 1-10 |
| | ഭാഗം 2 | |
| | വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | കെട്ടിട വാടക ഈടാക്കുന്നതിലെ അപാകതകൾ. | 2-1 |
| 12 | കെട്ടിട വാടക പിഴ ഈടാക്കിയില്ല- നഷ്ടം രൂ.6533/- | 2-2 |
| | ഭാഗം 3 | |
| | ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ക്വട്ടേഷൻ വിളിച്ച്, എഗ്രിമെന്റ് വച്ചതിനു ശേഷം പ്രവൃത്തി നടത്തുന്നതിന് അനുമതിക്കായി അപേക്ഷ സമർപ്പിച്ചു. | 3-1 |
| 14 | പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് - പൂർത്തീകരിച്ചിട്ടില്ല | 3-2 |

| | | |
|---|---|---|
| 15 | ബാങ്ക് അക്കൗണ്ടുകൾ പഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 3-3 |
| 16 | കമ്മ്യൂണിറ്റി ഹാളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ – അപാകതകൾ | 3-4 |
| 17 | സി.ഡി.പി.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- നിർവ്വഹണത്തിലെ അപാകതകൾ | 3-5 |
| 18 | മാളേകാട് കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല. | 3-6 |
| 19 | ഊരകം പകൽ വീട് അടിസ്ഥാന സൗകര്യമൊരുക്കൽ - പ്രവർത്തനം ആരംഭിച്ചില്ല. | 3-7 |
| 20 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ധനവിനിയോഗവിവരം ലഭ്യമല്ല. | 3-8 |
| 21 | പഞ്ചായത്ത് തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കപ്പെടുന്നില്ല. | 3-9 |
| 22 | സി.എച്ച്.സി.കളിലേക്ക് - മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-10 |
| 23 | പ്രാഥമിക സൗകര്യങ്ങൾ ഒരുക്കാതെയുള്ള കെട്ടിട നിർമ്മാണം | 3-11 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 24 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 25 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 28 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 29 | സ്ഥിര നിക്ഷേപം | 4-6 |
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 32 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 36 | 1.റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>2.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>3.ബാലൻസ് ഷീറ്റ് | അനുബന്ധം.2 |



## ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ്

17.03.2018ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.05.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 31771544 |
| വരവ് | 53286444 |
| ആകെ | 85057988 |
| ചെലവ് | 55574139 |
| നീക്കിയിരിപ്പ് | 29483849 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21998155 | 21998155 | 21998155 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7880759 | 7880759 | 7880759 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2822817 | 2822817 | 2822817 | 0 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| 1.ദാരിദ്ര്യനിർമ്മാർജ്ജനം | 16195 | 45051 | 61246 | 49136 | 12110 |
| 2.ടോട്ടൽ സാനിട്ടേഷൻ | 760703 | 58965 | 819668 | 31978 | 787690 |
| 3.ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം | -698665 | 10564250 | 9865585 | 4198268 | 5667317 |
| 4.ഐ.സി.ഡി.എസ്. | 768677 | 27334 | 796011 | 0 | 796011 |
| 5.മഹിള കിസാൻ സ ശാക്തീകരൺ പരിയോചന | 5 | 3508397 | 3508402 | 3508377 | 25 |
| നബാർഡ് സഹായം | 6537019 | 2000000 | 8537019 | 6126639 | 2410380 |
| ശുചിത്വമിഷൻ | 27618 | 3600 | 31218 | 31218 | 0 |
| നിർമൽ പുരസ്കാരം | 2496708 | 83919 | 2580627 | 511376 | 2069251 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | | | | |
| 1.ഗ്രാമ പഞ്ചായത്ത് | 442820 | 871975 | 1314795 | 1195000 | 119795 |
| 2.ബ്ലോക്ക് പഞ്ചായത്ത് (ഐ.എ.വൈ) | 557309 | 267769 | 825078 | 825078 | 0 |
| 3.ജില്ലാ പഞ്ചായത്ത് | 13654131 | 548025 | 14202156 | 3716831 | 10485325 |
| തനത് ഫണ്ട് | | | | | |
| 1.ബാങ്ക് | 545730 | 1068890 | 1614620 | 821131 | 793489 |
| 2.ട്രഷറി | 6663294 | 5647311 | 12310605 | 5968149 | 6342456 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 97 | 54759420 | 68 | 32701731 | 27 | 2 | 70% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)എസ്:0024/19 കണ്ടംകിളികോളനി സമഗ്രവികസനം

2)എസ്:0074/19 ഊഴക്കോട് കുടിവെള്ള പദ്ധതി.

<u>ഗ്രാന്റ് ഇൻ എയ്ഡ് - അലോട്ട്മെന്റ് പൂർണ്ണമായും വിനിയോഗിച്ചില്ല.</u>

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2,85,69,000/- | 2,19,98,155/- | 77% |
| വികസന ഫണ്ട് (എസ്.സി.പി) | 1,43,05,000/- | 78,80,759/- | 55.09% |
| വികസന ഫണ്ട് (ടി.എസ്.പി) | 2,66,000/- | 0 | 0% |
| ആകെ | 4,31,40,000/- | 2,98,78,914/- | 69.26% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 33,89,000/- | 28,22,817/- | 83.89% |

പദ്ധതി നിർവ്വഹണത്തിനായി ലഭ്യമായ വികസനഫണ്ടിന്റെ 30.74% തുകയും സംരക്ഷണ ഗ്രാന്റിന്റെ 16.11% തുകയും ബ്ലോക്ക് പഞ്ചായത്തിന് ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാനായില്ല.

മറ്റ് സ്ഥാപനങ്ങൾക്ക് തുക കൈമാറിയുള്ള പ്രോജക്ട് നിർവ്വഹണം.

ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായുള്ള തനത് പ്രോജക്ടുകൾ ഏറ്റെടുക്കാതെ മറ്റ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് തുക കൈമാറുന്ന രീതിയിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുകയാണ് പ്രധാനമായും ചെയ്യുന്നത്. കൈമാറുന്ന തുകകൾക്ക് ഒറ്റവരിയിൽ തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും സാക്ഷ്യപത്രം വാങ്ങുന്ന എന്നതല്ലാതെ തുക വിനിയോഗിക്കപ്പെട്ടതിന്റെ ഭൗതിക നേട്ടങ്ങൾ ഒന്നും തന്നെ മോണിട്ടർ ചെയ്യപ്പെടുന്നില്ല. ആകെ വികസന ഫണ്ട് ചെലവിന്റെ 41.16% തുകയും ഇത്തരത്തിൽ കൈമാറ്റം ചെയ്തതിലൂടെ നേടിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവഴിച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് വിവരം |
|---|---|---|---|
| എസ്.0071/19 നെൽകൃഷിക്ക് കൂലിചെലവ് | 400000/- | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി ) | തുക പൂർണ്ണമായും ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന് കൈമാറി |
| എസ്.0007/19 പാലിന് സബ്സിഡി | 975000/- | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി |
| എസ്.0044/19 അങ്കണവാടി കെട്ടിട നിർമ്മാണം | 500000/- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന് കൈമാറി |
| എസ്.0001/19 ലൈഫ് ഭവന പദ്ധതി | 5714000/- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി |
| എസ്.0006/19 ലൈഫ് ഭവന പദ്ധതി (എസ്.സി) | 3461000/- | സെക്രട്ടറി ബ്ലോക്ക് | വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി |

| | | | |
|---|---|---|---|
| | | പഞ്ചായത്ത് | |
| എസ്.0100/19പാരപ്പട്ടത്താഴം -മുക്കാടത്തുതാഴം റോഡിന് കലുങ്ക് നിർമ്മാണം | 500000/- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | മണീട് ഗ്രാമപഞ്ചായത്തിന് കൈമാറി |
| എസ്.0097/19മുളന്തുരുത്തി ലൈബ്രറി ഹാൾ നവീകരണം | 400000/- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന് കൈമാറി |
| എസ്.0043/19 രാജീവ് ഗാന്ധി കമ്മ്യൂണിറ്റി ഹാൾ ഉപകരണങ്ങൾ വാങ്ങൽ | 200000/- | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | മണീട് ഗ്രാമപഞ്ചായത്തിന് കൈമാറി |
| എസ്.0009/19ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000/- | സി.ഡി.പി.ഓ | വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി |
| ആകെ | 1,23,00,000/- | | |

നൂതന പ്രോജക്ട്- സൗരവൈദ്യുത നിലയം

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സൗരവൈദ്യുതി നിലയം(പ്രോജക്ട് നം.എസ്.0083/19) സ്ഥാപിച്ച് കെ.എസ്.ഇ.ബി.ക്ക് വൈദ്യുതി നൽകുന്ന പ്രോജക്ട് വിജയകരമായി പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിനായി 609840/- രൂപ പഞ്ചായത്ത് ചെലഴിച്ചിട്ടുണ്ട്. സൗര നിലയത്തിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ വില പഞ്ചായത്തിന്റെ വൈദ്യുത ബില്ലിൽ കുറവ് വരുത്തിയാണ് കെ.എസ്.ഇ.ബി. നൽകുന്നത്.

മോണിട്ടറിങ്ങ് നടത്തപ്പെടുന്നില്ല.

വാർഷിക പദ്ധതിയുടെ ഭാഗമായി നിർവ്വഹണം ചെയ്യുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ ഒരു ഘട്ടത്തിലും മോണിട്ടർ ചെയ്ത് റിപ്പോർട്ട് നൽകുന്നില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | | | | | |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2019 ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18821/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്ത് യോഗ നടപടികൾ യഥാസമയം 'സകർമ്മ'യിൽ ചേർക്കുന്നില്ല.

സകർമ്മ പ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ യോഗനടിപടികളും തീരുമാനങ്ങളും 25.02.2019 ലെ സാധാരണയോഗത്തിനുശേഷം 08.05.2019 ലെ സാധാരണയോഗത്തിന്റതാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 13.03.2019 നും 08.04.2019 നും പഞ്ചായത്ത് കമ്മറ്റി

കൂടിയിട്ടുണ്ടെങ്കിലും ആയതിന്റെ മിനുട്ട്സ് സകർമ്മയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം നടപടികൾ, പഞ്ചായത്തിന്റെ തീരുമാനങ്ങൾ 'സകർമ്മ'യിൽ ഉൾപ്പെടുത്തുന്നതിലൂടെ യഥാസമയം ജനങ്ങൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല. 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം യോഗതീരുമാനങ്ങളും യോഗനടപടി ക്രമവും രേഖപ്പെടുത്തുന്നതിന് സകർമ്മ യഥാവിധി ഉപയോഗപ്പെടുത്തേണ്ടതാണ്.

സ്റ്റോക്ക് എൻട്രി നടത്താതെ രസീത് ബുക്ക് നൽകുന്നു.

ബ്ലോക്ക് പഞ്ചായത്തിനുവേണ്ടി പണം പിരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മാനുവൽ രസീതുകൾ സ്റ്റോക്കിൽ ചേർത്ത് നൽകേണ്ടതാണ്. 1452 -ം നമ്പർ രസീത് ബുക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൈപ്പറ്റ് രേഖപ്പെടുത്താതെയാണ് ഇത് നൽകിയിട്ടുള്ളത്. ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

കെട്ടിട വാടക

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള അരയൻകാവ് ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, നടക്കാവ് എസ്.ജി.എസ്.വൈ. കെട്ടിടം, മണീട് എസ്.ജി.എസ്.വൈ. കെട്ടിടം എന്നിവയിലെ മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിട വാടക ഈടാക്കുന്നതിൽ നിലവിലുള്ള നിയമ ചട്ടവ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. വിശദവിവരം ഭാഗം 1 ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രോജക്ട്- മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മേണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.05.2018 – 31.05.2018 | 2017-18 | 18.3.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2014 | 2009-10 – 2012-13 | 21.05.2014 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിന്റെ അപാകതകൾ അനുബന്ധം 1 ന്റെ ഭാഗമായി ചേർത്തിട്ടുണ്ട്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട വാടക ഈടാക്കുന്നതിലെ അപാകതകൾ.

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള അരയൻകാവ് ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, നടക്കാവ് എസ്.ജി.എസ്.വൈ. കെട്ടിടം, മണീട് എസ്.ജി.എസ്.വൈ. കെട്ടിടം എന്നിവയിലെ മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിട വാടക ഈടാക്കുന്നതിൽ കാതലായ അപാകതകൾ കാണുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബൈലോ പാസ്സാക്കിയിട്ടില്ല: പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിന് വേണ്ടി 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പാലിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് ബൈലോ പാസ്സാക്കിയിട്ടില്ല. ബൈലോയുടെ അഭാവത്തിൽ പ്രതിമാസ വാടക, കരാർ നൽകാവുന്ന കാലയളവ്, വാടക വർദ്ധനവ്, കരാർ ലംഘനത്തിനെതിരെ സ്വീകരിക്കേണ്ട നടപടികൾ, കരാർ വ്യവസ്ഥകൾ മുതലായവ വ്യക്തമാക്കിക്കൊണ്ടുള്ള പഞ്ചായത്ത് തീരുമാനം പോലും ഇല്ലാതെയാണ് നിലവിൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത്.

2. വാടക കുടിശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല: പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടമുറികളുടെയും സ്ഥലത്തിന്റെയും വാടക കൃത്യമായി ഒടുക്കപ്പെടുന്നില്ല. വാടകകുടിശിക സംബന്ധിച്ച് ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റിയോ പഞ്ചായത്ത് കമ്മറ്റിയോ യഥാസമയം വിശകലനം നടത്തുകയോ വാടക കുടിശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല. വർഷാവസാനം പഞ്ചായത്തിന് വാടക ഇനത്തിൽ 4.8 ലക്ഷം രൂപ ലഭിക്കുവാൻ ബാക്കിയുണ്ട്. കരാർ കാലാവധി തീർന്ന പല വാടകക്കാരും കരാർ പുതുക്കാതെ തന്നെ തുടരുന്നുണ്ട്. ഇവർ വാടകയും അടക്കുന്നില്ല. കരാർ പുതുക്കാത്തതുകൊണ്ടു തന്നെ പഞ്ചായത്തിന് ഇവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് പരിമിതികൾ ഉണ്ടാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ ആസ്തികൾ അന്യാധീനപ്പെട്ട് പോകുന്നതിനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. പഞ്ചായത്തിന്റെ ആസ്തി സംരക്ഷിക്കുന്നതിൽ അധികാരസ്ഥാനങ്ങൾ ശ്രദ്ധിക്കുന്നില്ല എന്നത് ഗൗരവമായി ഓഡിറ്റ് കാണുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിടവാടക സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു. ഇത് പഞ്ചായത്ത് സൂക്ഷിക്കുന്ന വാടകരജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| | കിട്ടേണ്ട തുക | കിട്ടിയ തുക | കിട്ടുവാൻ ബാക്കിയിള്ള തുക |
|---|---|---|---|
| തൻവർഷം | 601086 | 203578 | 397508 |
| കുടിശിക | 267375 | 184760 | 82615 |
| ആകെ | 868461 | 388338 | 480123 |

3. വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കപ്പെടുന്നില്ല : പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള

കെട്ടിടങ്ങളുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി വാടക രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ സ്ഥലത്തും ഉള്ള കെട്ടിടമുറികൾ നമ്പരിട്ട് രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ എത്ര മുറികൾ വാടകയ്ക്ക് നൽകിയെന്നും എത്ര മുറികൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്നും മനസിലാക്കുവാൻ സാധിക്കുന്നില്ല. ഒരോ വാടകക്കാരന്റെയും പേരും മേൽവിലാസവും, കരാർ നമ്പർ, കരാർ കാലാവധി, വാടക, വാടകയിന്മേലുള്ള ജി.എസ്.ടി എന്നിവ കൃത്യമായി വാടകരജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വാർഷിക കണക്കിലെ വാടക കണക്കുകൾ വാടക രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. വാടകരജിസ്റ്റർ പ്രകാരമുള്ള കുടിശിക വിവരം:

| ക്രമ നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക (രൂ) | കുടിശിക കാലയളവ് | കുടിശിക തുക (രൂ) | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|
| അരയങ്കാവ് ഇന്റസ്ട്രിയൽ എസ്റ്റേറ്റ് | | | | | |
| 1 | ശ്രീമതി. ബെൻസി ബിജു- 1 | 9062 | 11/18 മുതൽ 3/19 വരെ | 45310/- | 15.11.2017 മുതൽ പതിനൊന്ന് മാസത്തേക്ക് വാടകക്കരാർ ഏർപ്പെട്ടിട്ടുണ്ടെങ്കിലും കാലാവധി കഴിഞ്ഞ് കരാർ പുതുക്കാതെ തുടരുന്നു. |
| 2 | ശ്രീമതി. ബെൻസി ബിജു- 2 | " | " | " | 06.11.2017 മുതൽ പതിനൊന്ന് മാസത്തേക്ക് വാടകക്കരാർ ഏർപ്പെട്ടിട്ടുണ്ടെങ്കിലും കാലാവധി കഴിഞ്ഞ് കരാർ പുതുക്കാതെ തുടരുന്നു. |
| 3 | ശ്രീമതി. ബെൻസി ബിജു- 3 | 4883 | 3/18 മുതൽ 2/19വരെ | 58596/- | 01.04.2017 മുതൽ പതിനൊന്ന് മാസത്തേക്ക് വാടകക്കരാർ ഏർപ്പെട്ടിട്ടുണ്ടെങ്കിലും കാലാവധി കഴിഞ്ഞ് കരാർ പുതുക്കാതെ തുടരുന്നു. |
| | | 5127 | 3/2019 | 5127/- | |

| | | | | | |
|---|---|---|---|---|---|
| | | ആകെ | | 63723/- | |
| 4 | ശ്രീമതി.സൗമ്യ മണിയൻ | 5945 | 12/18 മുതൽ 3/19 വരെ | 23780/- | 08.07.2018 മുതൽ പതിനൊന്ന് മാസത്തേക്ക് വാടകക്കരാറുണ്ട്. |
| 5 | ശ്രീമതി. ലളിത വിജയൻ | 3480 | 8/17 മുതൽ 3/19 വരെ | 69600/- | ടിയാൾ കരാറിൽ ഏർപ്പെടാതെയാണ് തുടരുന്നത്. |
| 6 | ശ്രീമതി.അന്ന മാത്യു | 14918 | 3/19 | 14918/- | 2.2.2019 മുതൽ പതിനൊന്ന് മാസത്തേക്ക് വാടകക്കരാറുണ്ട്. |
| നടക്കാവ് എസ്.ജി.എസ്.വൈ.കെട്ടിടം | | | | | |
| 1 | ആശ.കെ.എസ്. ശ്രേയസ്സ് | 1800 | 11/18 മുതൽ 3/19 വരെ | 9000/- | 9.8.2018 മുതൽ പതിനൊന്ന് മാസത്തേക്ക് വാടകക്കരാറുണ്ട്. |
| 2 | ദിവ്യ ടൈലറിങ്ങ് യൂണിറ്റ് | 2500 | 6/18 മുതൽ 3/19 വരെ | 25000/- | 1.6.2018 മുതൽ പതിനൊന്ന് മാസത്തേക്ക് വാടകക്കരാറുണ്ട്. |
| 3 | മത്സ്യഫെഡ് | 505 | 12/17 മുതൽ 3/19 വരെ | 8080/- | കരാറിൽ ഏർപ്പെട്ടിട്ടില്ല |

മേൽ പരാമർശങ്ങൾ സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കുവാൻ രേഖാമൂലം (എൻക്വയറി നം. 18/10.8.2019) ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

വാടക സംബന്ധിച്ച് അപാകതകൾ ഒഴിവാക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുന്നതിന് ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റിയോടും പഞ്ചായത്ത് കമ്മറ്റിയോടും ശുപാർശ ചെയ്യുന്നു.

## 2-2 കെട്ടിട വാടക പിഴ ഈടാക്കിയില്ല- നഷ്ടം രൂ.6533/-

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 209ഇ വകുപ്പ് പ്രകാരം പഞ്ചായത്തിന് നിയമാനുസൃതമായി നൽകേണ്ടതായ തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴ സഹിതം തുക

വസൂലാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന് കെട്ടിട വാടക ഇനത്തിൽ ലഭിക്കേണ്ടതായ തുകയുടെ കുടിശിക ഈടാക്കിയപ്പോൾ നിയമാനുസൃതം പിഴ ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് 6533/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിടം | വാടകക്കാരന്റെ പേര് | വാടക ഈടാക്കിയ വിവരം |
|---|---|---|
| അരയങ്കാവ് ഇൻസ്ട്രിയൽ എസ്റ്റേറ്റ് | ശ്രീമതി.ബെൻസി ബിജു. മുറി.III | രൂ.78395/-<br>രസീത് നം.4842206/ 9.4.2019<br>(1/18 മുതൽ 2/18വരെ 4650രൂപ നിരക്കിലും 3/18 മുതൽ 1/19 വരെ 4883 രൂപ നിരക്കിലും 2/19 മുതൽ 4/19 വരെ 5127 രൂപ നിരക്കിലും) |

ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---:|
| 01/18 | 4650 x 16% | 744 |
| 02/18 | 4650 x 15% | 698 |
| 03/18 | 4883 x 14% | 684 |
| 04/18 | 4883 x 13% | 635 |
| 05/18 | 4883 x 12% | 586 |
| 06/18 | 4883 x 11% | 537 |
| 07/18 | 4883 x 10% | 488 |
| 08/18 | 4883 x 9% | 439 |
| 09/18 | 4883 x 8% | 391 |
| 10/18 | 4883 x 7% | 342 |
| 11/18 | 4883 x 6% | 293 |
| 12/18 | 4883 x 5% | 244 |
| 01/19 | 4883 x 4% | 195 |
| 02/19 | 5127 x 3% | 154 |
| 03/19 | 5127 x 2% | 103 |
| ആകെ | | 6533 |

നിയമപ്രകാരം വസൂലാക്കേണ്ട പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/13.8.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടത്തിനുത്തരവാദിയായവരിൽ നിന്നും ഈ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ക്വട്ടേഷൻ വിളിച്ച്, എഗ്രിമെന്റ് വച്ചതിനു ശേഷം പ്രവൃത്തി നടത്തുന്നതിന് അനുമതിക്കായി അപേക്ഷ സമർപ്പിച്ചു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ₹500000/- അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ

"കലിയിറ്റിക്കി എസ്.സി.കോളനിയിൽ വാട്ടർ പ്യൂരിഫെയർ സ്ഥാപിക്കൽ" എന്ന പ്രവൃത്തിക്ക് 19.12.2008ലെ 1(4)-ാം നമ്പർ തീരുമാനപ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ച്, വാട്ടർവേൾഡ് കൺസൽട്ടൻസി സൊല്യൂഷൻസ് എന്ന ഏജൻസിക്ക് പ്രവൃത്തി നടപ്പാക്കുന്നതിന് 05.04.2018 ൽ 43/AEE/LSGD/MLTY/17-18 നമ്പരായി കരാർ നൽകുകയും ചെയ്തു. കരാർ കാലാവധി ഒരു മാസമായാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ 24.05.2018 ലാണ് മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വാട്ടർ പ്യൂരിഫെയർ സ്ഥാപിക്കുന്നത് സംബന്ധിച്ചും, ഇതിന് വേണ്ട ഗുണനിലവാരത്തെ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനുമായി മൂവാറ്റുപുഴ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയത്. ഇതിന് ശേഷം 5.6.2018ൽ മാത്രമാണ് ഇത് സ്ഥാപിക്കുന്നതിനായുള്ള അനുമതിക്കായി മൂവാറ്റുപുഴ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയത്. വാട്ടർ അതോറിറ്റിയുടെ പരിപാലനത്തിന് കീഴിലുള്ള കടിവെള്ള സ്രോതസ്സിൽ പ്യൂരിഫെയർ സ്ഥാപിക്കുന്നതിന് കരാർ ഉറപ്പിച്ച ശേഷം വാട്ടർ അതോറിറ്റിയുടെ അനുമതിക്കായി കത്ത് നൽകിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ നടപടിയുടെ ഔചിത്യതക്കുറവിനെപ്പറ്റി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടിയിൽ സൂചിപ്പിച്ചിട്ടുമുണ്ട്. ഒരു പ്രവൃത്തി തുടങ്ങുന്നതിന് മുൻപായി ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽ നിന്ന് വേണ്ട അനുമതിയും, സാങ്കേതിക ഉപദേശവും ലഭ്യമാക്കി ഇതുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയതിന് ശേഷം നിർവ്വഹണ ഘട്ടത്തിലേക്ക് കടക്കേണ്ടതിന് പകരം ആദ്യമേ തന്നെ നിർവ്വഹണ ഘട്ടത്തിലേക്ക് കടക്കുകയും പിന്നീട് അനുമതി തേടുകയും ചെയ്തിട്ടുള്ള നടപടി ആശാസ്യമല്ല. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഇത്തരം പാളിച്ചകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(ചെലവ് വിവരം : ₹ 374446/- ചെക്ക് നമ്പർ 1554836/17.01.2019

₹ 45914/- ബിൽ നമ്പർ 26/30.01.2019)

## 3-2 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് - പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | എസ്.0050/19 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് ബെയിലിങ്ങ് മെഷീനുകൾ വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ | രൂ.985520/- വികസനഫണ്ട് പൊതുവിഭാഗം (രൂ.485520/- വികസന ഫണ്ട്, 500000/-ഗ്രാമപഞ്ചായത്ത് വിഹിതം) |
| ചെലവ് | രൂ.485520/- ബിൽ നം.23/18-19/ 16.11.2018<br>രൂ.497423/- ചെക്ക് നം.5041155/16.4.2019(മുളന്തുരുത്തി ഗ്രാ.പ.വിഹിതം)<br>ആകെ ചെലവ് രൂ.982943/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ബെയിലിങ്ങ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള മിഷനുമായി 15.09.2018 ൽ കരാറിൽ ഏർപ്പെടുകയും 982943/- രൂപ ആയതിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത മെഷിനുകൾ

സ്ഥാപിട്ടില്ല.

കരാറിലെ മൂന്നാം വ്യവസ്ഥ പ്രകാരം മെഷ്യനുകൾ സ്ഥാപിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനം, 1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഷെഡ് 3 ഫേസ് കണക്ഷനോടുകൂടിയ വൈദ്യുത കണക്ഷൻ, ജലലഭ്യത എന്നീ അടിസ്ഥാന സൗകര്യങ്ങൾ സഹിതം നൽകേണ്ടതുണ്ട്. പ്രസ്തുത അടിസ്ഥാനസൗകര്യങ്ങൾ പഞ്ചായത്ത് ഒരുക്കിക്കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കെട്ടിട നിർമ്മാണം 2017-18 ൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ ഇതിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും 3 ഫേസ് വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുമുള്ള പ്രോജക്ടുകൾ സാങ്കേതിക കാരണങ്ങളാൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് വിധേയമായി 982943/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ബാങ്ക് അക്കൗണ്ടുകൾ പഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 212(3) പ്രകാരം സർക്കാരിനോ ജില്ലാപഞ്ചായത്തിനോ വേണ്ടി സ്വീകരിക്കുന്ന പണം ഒഴികെ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന എല്ലാ പണവും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരുന്നതാണ്. അതുപോലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം പഞ്ചായത്തിന്റെ എല്ലാ പണമിടപാടുകളും അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ പണമിടപാടു നടത്തപ്പെടുന്ന രണ്ട് അക്കൗണ്ടുകൾ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് വിവരം | അക്കൗണ്ടിന്റെ ഉടമ | അക്കൗണ്ടിന്റെ ആവശ്യം | 31.3.2019ലെ നീക്കിയിരുപ്പ് |
|---|---|---|---|
| നം. 550602010001481 യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, മുളന്തുരുത്തി | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ & ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | തൊഴിലുറപ്പ് പദ്ധതി അക്കൗണ്ട് | രൂ.142479.60 |
| നം. 57035575885 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുളന്തുരുത്തി. | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ | MPLAD അക്കൗണ്ട് | രൂ.308711.50 |

ഈ അക്കൗണ്ടിലെ ക്രയവിക്രയങ്ങൾ യഥാകാലം പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെടുത്താതിരുന്നതിനാൽ 2018-19ലെ വാർഷിക ധനകാര്യപത്രിക പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയെ വസ്തുതാപരമായും കൃത്യമായും പ്രതിഫലിപ്പിക്കുന്നില്ല.

ഈ അക്കൗണ്ടുകൾ പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾപ്പെടുത്തായിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന്, അക്കൗണ്ടുകൾ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെയും ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെയും പേരിൽ ആയതിനാലാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്താത്തത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ മറുപടി തൃപ്തികരമല്ല. ചട്ടപ്രകാരം ഈ അക്കൗണ്ടുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-4 കമ്മ്യൂണിറ്റി ഹാളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | എസ്.0114/19 പട്ടികജാതി കോളനികളിലെ കമ്മ്യൂണിറ്റി ഹാളിൽ ഫർണീച്ചറും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | രൂ.461620/- വികസനഫണ്ട് എസ്.സി.പി. |
| ചെലവ് | രൂ.319700/- ബിൽ നം.38/18-19/ 11.03.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |

ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി m/s സിയോൺ ഏജൻസീസിൽ നിന്നും 80 മേശകളും (80 x രൂ.2695 = 215600) m/s ചന്ദ്ര മാർക്കറ്റിങ്ങ് എന്ന സ്ഥാപനത്തിൽ നിന്നും 300 കൈയ്യില്ലാത്ത പ്ലാസ്റ്റിക്ക് കസേരകളും ( 300 x രൂ.347 = 104100) വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഏതെല്ലാം കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളിലേക്കായിട്ടാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത് എന്നും കമ്മ്യൂണിറ്റി ഹാളുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി ആണോ എന്നും ഹാളുകളുടെ നടത്തിപ്പ് ചുമതല രേഖാമൂലം ആരെയെങ്കിലും ഏൽപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.
2. വാങ്ങിയ ഫർണിച്ചർ കമ്മ്യൂണിറ്റി ഹാളുകളിൽ ലഭ്യമാക്കിയിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല.
3. പ്രോജക്ടിന്റെ നിർവ്വഹണം ഒരു ഘട്ടത്തിലും മോണിട്ടറിങ്ങ് സമിതി പരിശോധിക്കുകയോ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/10.08.2019) പൂത്തോട്ട കേരള പുലയർ മഹാസഭ, കണ്ടനാട് കേരള പുലയർ മഹാസഭ എന്നിവർക്ക് നിർമ്മിച്ച് നൽകിയിട്ടുള്ള കമ്മ്യൂണിറ്റി ഹാളുകളിലേക്കാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്നും മോണിട്ടറിങ്ങ് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി സംഘടനകൾക്ക് ഏൽപ്പിച്ചു നൽകുന്നത് സംബന്ധിച്ച് പഞ്ചായത്തും സംഘടനയുമായി ധാരണാ പത്രം ചമച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല . ഈ സാഹചര്യത്തിൽ മേൽ പരാമർശങ്ങളുടെ സാധൂകരണത്തിന് വിധേയമായി 319700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 സി.ഡി.പി.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ– നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം ചൈൽഡ് ഡെവെലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | പ്രോജക്ട് | എസ്.0120/19 മെഡിക്കൽ ക്യാമ്പും ഭിന്നശേഷിയുള്ള വയോജനങ്ങൾക്ക് ഉപകരണം നൽകലും. |

| | | |
|---|---|---|
| | ചെലവ് | രൂ.498709/- ബിൽ നം.6/18-19/19.3.2019 (കേരള സ്റ്റേറ്റ് ഹാന്റീകാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. (invoice No.244/1.3.2019) |
| 2. | പ്രോജക്റ്റ് | എസ്.0108/19 മെഡിക്കൽ ക്യാമ്പും ഭിന്നശേഷിയുള്ള വ്യക്തികൾക്ക് ഉപകരണം നൽകലും. |
| | ചെലവ് | രൂ.2302102/- ബിൽ നം.5/18-19/19.3.2019 (കേരള സ്റ്റേറ്റ് ഹാന്റീകാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡിന് 2290902/- രൂപ നൽകിയിട്ടുണ്ട്. (invoice No.245/1.3.2019) |

സ്റ്റോർ പർച്ചേയ്സ് മാനവൽ ഖണ്ഡിക 12.19 പ്രകാരം സാധനങ്ങൾ സ്വീകരിച്ച് അത് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി, ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപത്രം രേഖപ്പെടുത്തിയ ശേഷമേ തുക നൽകാവൂ. എന്നാൽ കേരള സ്റ്റേറ്റ് ഹാന്റീകാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ലഭിച്ചിട്ടുള്ള ഉപകരണങ്ങൾ ഇപ്രകാരം സ്റ്റോക്കിൽ എടുത്ത് അതിന്റെ വിതരണവിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലഭിച്ച ഉപകരണങ്ങൾ പൂർണ്ണമായും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട മോണിറ്ററിങ് സമിതി പ്രോജക്റ്റ് നിർവ്വഹണം മോണിറ്റർ ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ നിർവ്വഹണം നടത്തപ്പെടുന്ന ഇത്തരം പ്രോജക്ടുകളിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്കാണ് ഉപകരണം നൽകിയിട്ടുള്ളത് എന്നും ഉറപ്പു വരുത്തിയതായും കാണുന്നില്ല.

| | | |
|---|---|---|
| 3. | പ്രോജക്റ്റ് | എസ്.0078/19 സി.ഡി.പി.ഒ, അഡീഷണൽ സി.ഡി.പി.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| | ചെലവ് | രൂ.75800/- ബിൽ നം.2/18-19/27.10.2018<br>രൂ.73117/-ബിൽ നം.4/18-19/ 16.3.2019 |

ഈ പ്രോജക്റ്റിൽ ഉൾപ്പെടുത്തി രണ്ട് കമ്പ്യൂട്ടറുകൾ (Acer 5079), രണ്ട് കാനൺ പ്രിന്ററുകൾ, രണ്ട് വി ഗാർഡ് യു.പി.എസുകൾ, അഞ്ച് ലൈബ്രറി ഷെൽഫുകൾ, രണ്ട് വീതം റോളിങ് ചെയറുകളും കമ്പ്യൂട്ടർ ടേബിളുകളും പെഡെസ്റ്റൽ ഫാനുകളും ഒരു ട്രോളി സ്പീക്കർ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. ബന്ധപ്പെട്ട മോണിറ്ററിങ് സമിതി പ്രോജക്റ്റ് നിർവ്വഹണം മോണിറ്റർ ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/ 10.08.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 2949728/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 മാളേകാട് കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് | എസ്.0045/19 മാളേകാട് കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | രൂ.210000/- വികസനഫണ്ട് എസ്.സി.പി |
| ചെലവ് | രൂ.210000/- ബിൽ നം.20/18-19/29.10.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |

മേൽ പ്രോജക്ടിനുവേണ്ടി ജലഅതോറിറ്റിയുടെ എസ്റ്റിമേറ്റ് (12.5% സെന്റേജ് ചാർജ്ജ് ഉൾപ്പെടെ) പ്രകാരം 210000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കേരള ജല അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. എന്നാൽ ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. തുക ജല അതോറിറ്റി അക്കൗണ്ടിൽ സ്വീകരിച്ചതിനുള്ള രസീത് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതമുള്ള ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഈ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/08.08.2019) പണി പൂർത്തീകരിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-7 ഊരകം പകൽ വീട് അടിസ്ഥാന സൗകര്യമൊരുക്കൽ - പ്രവർത്തനം ആരംഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് | എസ്.0014/19 ഊരകം പകൽ വീട് അടിസ്ഥാന സൗകര്യമൊരുക്കൽ |
| അടങ്കൽ | രൂ.150000/- വികസനഫണ്ട് |
| ചെലവ് | രൂ.49000/- ബിൽ നം.19/18-19/ 26.10.2018<br>രൂ.5546/- ബിൽ നം.35/18-19/ 18.1.2019<br>രൂ.40300/- ബിൽ നം.39/18-19/ 25.2.2019<br>ആകെ 94846/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |

ഈ പ്രോജക്ടിന്റെ ഭാഗമായി ഒരു എൽ.സി.ഡി.പ്രൊജക്ടർ (രൂ.49000), വാൾ മൗണ്ട് സ്ക്രീൻ (രൂ.5546), 30 പ്ലാസ്റ്റിക്ക് കസേരകൾ (30x 430 = രൂ.12900) , 2 സ്റ്റീൽ അലമാരകൾ (2 x 8500 = രൂ.17000), ഒരു റാക്ക് (രൂ.10400) എന്നിവ വാങ്ങിയിട്ടുണ്ട്.

1. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ വാർഷിക ഓഡിറ്റ് റിപ്പോർട്ടിന്റെ (KSA.EKM.(BP) 341/ 2019/ 13.03.2019) ഖണ്ഡിക 3.4 ൽ ഊരകം പകൽവീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുമില്ല. പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സ്ഥാപനത്തിലേക്കായി സാധനങ്ങൾ വാങ്ങിയ നടപടി വിശദീകരിക്കപ്പെടേണ്ടതാണ്.

2. വാങ്ങിയ സാധനങ്ങൾ ഒന്നും തന്നെ സ്റ്റോക്കിൽ എടുത്തിട്ടില്ല. ആയവ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് , പകൽ വീടിന്റെ നടത്തിപ്പ് ചുമതല ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് എന്നീ കാര്യങ്ങൾ ഒന്നും തന്നെ വ്യക്തമല്ല.

3. പ്രോജക്ട് നിർവ്വഹണം മോണിട്ടർ ചെയ്യപ്പെട്ടിട്ടില്ല.

ഇത് സംബന്ധിച്ച് വിശദീകരണം രേഖാമൂലം (ഓഡിറ്റ് എൻക്വയറി നം.14/10.08.2019) ആവശ്യപ്പെട്ടതിന് പകൽവീടിന്റെ പ്രവർത്തനം നടക്കുന്നുണ്ടെന്ന് എടക്കാട്ടുവയൽ പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും വാങ്ങിയ സാധനങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മോണിട്ടറിങ്ങ് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
പകൽവീടിനായി 2018 ഒക്ടോബർ, 2019 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വാങ്ങിയ സാധനങ്ങൾ ഇപ്പോഴും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്നത് അംഗീകരിക്കാനാവില്ല.

യഥാസമയം മോണിട്ടറിങ്ങ് നടത്തിയിട്ടില്ല എന്നതും മറുപടിയിൽ നിന്നും വ്യക്തമാണ്. ഈ സാഹചര്യത്തിൽ വാങ്ങിയ സാധനങ്ങൾ ഫലപ്രദമായി ഉദ്ദേശിച്ച ആവശ്യത്തിനായി ഉപയോഗിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വിധേയമായി 94846/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ധനവിനിയോഗവിവരം ലഭ്യമല്ല.

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം & എസ്.സി.പി) പ്രോജക്ട് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകി ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല, കൂടാതെ പട്ടികജാതി വിഭാഗക്കാർക്കായി നൽകിയിട്ടുള്ള ധനസഹായം പ്രത്യേകഘടകപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തന്നെ വിതരണം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുതകുന്ന രേഖകളൊന്നും ലഭ്യമല്ല. തുക കൈമാറിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| 1. പ്രോജക്ട് നം. എസ്.0001/19 ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | | | |
|---|---|---|---|
| ബിൽ നം. | തുക | തുക കൈപ്പറ്റിയ വിവരം | |
| | | ഗ്രാമപഞ്ചായത്ത് | തുക |
| 8/18-19/22.06.2018 | 45,93,400 | ചോറ്റാനിക്കര | 463200 |
| | | ഉദയംപേരൂർ | 347400 |
| | | മുളന്തുരുത്തി | 463200 |
| | | എടക്കാട്ടുവയൽ | 1158000 |
| | | ആമ്പല്ലൂർ | 1293100 |
| | | മണീട് | 868500 |
| 22/18-19/29.10.2018 | 11,20,600 | ചോറ്റാനിക്കര | 186500 |
| | | ഉദയംപേരൂർ | 188100 |
| | | മുളന്തുരുത്തി | 186500 |
| | | എടക്കാട്ടുവയൽ | 186500 |
| | | ആമ്പല്ലൂർ | 186500 |
| | | മണീട് | 186500 |
| ആകെ | 57,14,000 | | 57,14,000 |

| 2. പ്രോജക്റ്റ് നം. എസ്.0006/19 ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | | | |
|---|---|---|---|
| 9/18-19/22.06.2018 | 22,99,500 | ചോറ്റാനിക്കര | 328500 |
| | | മുളന്തുരുത്തി | 262800 |
| | | ആമ്പല്ലൂർ | 591300 |
| | | മണീട് | 1116900 |
| 29/18-19/21.12.2018 | 5,61,500 | മണീട് | 561500 |
| 37/18-19/15.3.2019 | 6,00,000 | മണീട് | 600000 |
| ആകെ | 34,61,000 | | 34,61,000 |

മേൽ പരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ രേഖാമൂലം (എൻക്വയറി നം.6/9.8.2019) ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-9 പഞ്ചായത്ത് തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കപ്പെടുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് കൈക്കൊണ്ട താഴെ പറയുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/10.08.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | തീരുമാന നമ്പർ | തീരുമാനം |
|---|---|---|
| 1 | 1(1) / 22.5.2018 | മുളന്തുരുത്തി വെറ്റിനറി പോളി ക്ലിനിക്കിന്റെ കോമ്പൗണ്ടിൽ വളർന്ന് നിൽക്കുന്ന വൃക്ഷം സമീപത്തെ വീടിന്റെ മുകളിലേക്ക് ചാഞ്ഞ് അപകടകരമായി നിൽക്കുന്നു. അത് സർക്കാർ നിബന്ധനകൾക്ക് വിധേയമായി മുറിച്ച് മാറ്റുന്നതിന് തീരുമാനിച്ചു. |
| 2 | 5(1)/ 12.9.2018 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മണീട് ഗ്രാമപഞ്ചായത്തിലുള്ള SGSY കെട്ടിടത്തിലെ ഒഴിഞ്ഞുകിടക്കുന്ന മുറി കാലിത്തീറ്റ സൂക്ഷിക്കുന്നതിനായി താൽക്കാലികമായി വാടകയ്ക്ക് നൽകണമെന്ന് അപേക്ഷിച്ച്കൊണ്ട് മണീട് മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച അപേക്ഷ യോഗം വിശദമായി ചർച്ചചെയ്തു. നിലവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കാലവധി നിജപ്പെടുത്തിയശേഷം പ്രസ്തുതമുറി സൊസൈറ്റിക്ക് താൽക്കാലികമായി നല്കാൻ യോഗം തീരുമാനിച്ചു. തുടർനടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 3 | 5(3)/ 12.9.2018 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മണീട് ഗ്രാമപഞ്ചായത്തിലുള്ള SGSY കെട്ടിടത്തിലെ ഒഴിഞ്ഞുകിടക്കുന്ന മുറി വാടകയ്ക്ക് നൽകണമെന്ന് അപേക്ഷിച്ച്കൊണ്ട് ശ്രീമതി ബിന്ദു സുഭാഷ് സമർപ്പിച്ച അപേക്ഷ യോഗം പരിഗണിച്ചു , വിശദമായ ചർച്ചകൾക്ക് ശേഷം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി മുറി അനുവദിക്കാൻ തീരുമാനിച്ചു . തുടർനടപടികൾക്ക് സെക്രട്ടറിക്ക് ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 4 | 6(12) / 9.10.2018 | ബ്ലോക്ക് പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 50 സെൻറ് ഭൂമി വാങ്ങിയിരുന്നു, ഈ വസ്തുവിന്റെ ആധാരം തയ്യാറാക്കിയതിൽ കണ്ടെത്തിയ അപാകത, ആധാരം തയ്യാറാക്കിയ ADV. അരുൺ ജോർജുമായി ബന്ധപ്പെട്ട് എത്രയും വേഗം പരിഹരിക്കാൻ യോഗം സെക്രട്ടറിക്ക് നിർദേശം നൽകി . |
| 5 | 6(6)/ 31.7.2018 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കൊമ്പൌണ്ടിലെ ക്യാന്റീൻ കെട്ടിടത്തിന് സമീപത്ത് നിന്നിരുന്ന ആഞ്ഞിലിമരം കടപുഴകി കെട്ടിടത്തിനു മുകളിലേക്ക് ചാഞ്ഞ് |

| | | |
|---|---|---|
| | | അപകടകരമായ സ്ഥിതിയിൽ നിൽക്കുകയാണ്, ഈ സാഹചര്യത്തിൽ പ്രസ്തുത വൃക്ഷം അടിയന്തിരമായി മുറിച്ചു നീക്കംചെയ്യുന്നതിനു റവന്യൂ, വനം വകുപ്പ് അധികാരികളിൽനിന്നും അനുമതി തേടാൻ സെക്രട്ടറിക്ക് നിർദേശം നൽകി തീരുമാനിച്ചു |

പഞ്ചായത്തിന്റെ സുതാര്യമായതും കാര്യക്ഷമമായതുമായ ഭരണം നടപ്പിലാക്കുന്നതിനുതിലേക്ക് ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കപ്പെടാത്തത് ഗൗരവത്തോടെ വീക്ഷിക്കപ്പെടേണ്ടതാണ്. പഞ്ചായത്ത് എടുക്കുന്ന തീരുമാനങ്ങൾ യഥാകാലം നടപ്പാക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

## 3-10 സി.എച്ച്.സി.കളിലേക്ക് മരുന്നുകൾ ലഭ്യമായിട്ടില്ല.

സ.ഉ.(സാ.ധാ)നം.876/2013 ത.സ്വ.ഭ.വ തീയതി 30.3.13 തിരുവനന്തപുരം പ്രകാരം ഹോംകോ,മെഡിക്കൽ സർവീസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിന് അവർ നൽകുന്ന ഇൻവോയ്സ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക ട്രഷറിയിൽ നിന്നും പിൻവലിക്കാവുന്നതാണ്. ഇതനുസരിച്ച് മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ മൂന്ന് സി.എച്ച്.സി.കളിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രൊഫോർമ ഇൻവോയിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിലേക്ക് തുക 225000/- രൂപ വീതം തുക അടവാക്കിയിട്ടുണ്ട്. എന്നാൽ മരുന്ന് സി.എച്ച്.സി.കളിൽ മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സി.എച്ച്.സി | അടവാക്കിയ തുക | ലഭ്യമായ മരുന്നിന്റെ മൂല്യം | ലഭിക്കുവാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|---|
| കീച്ചേരി | 225000 | 73749 | 151251 |
| മുളന്തുരുത്തി | 225000 | ലഭിച്ചിട്ടില്ല | 225000 |
| പൂത്തോട്ട | 225000 | ലഭിച്ചിട്ടില്ല | 225000 |

മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 പ്രാഥമിക സൗകര്യങ്ങൾ ഒരുക്കാതെയുള്ള കെട്ടിട നിർമ്മാണം

നടക്കാവ് എസ്.ജി.എസ്.വൈ. വിപണന കേന്ദ്രം പൂർത്തീകരണം എന്ന പേരിൽ ഓഡിറ്റ് വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. 482023 /-അടങ്കലായി വിഭാവനം ചെയ്ത ഈ പദ്ധതിക്ക് 462123/-(ബിൽ നം. 13/3.3.2019) ഓഡിറ്റ് വർഷം ചെലവായിട്ടുണ്ട്. 17-18 ൽ 464871/- ചെലവും ഇതിനായി വന്നിട്ടുണ്ട്. നിലവിൽ 5 വ്യവസായ യൂണിറ്റുകളും, മത്സ്യഭവൻ. വി.ഇ.ഒ. ഓഫീസ് എന്നിവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപങ്ങളിലൊട്ടാകെയായി 15 ൽ പരം വനിതകൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ഓരോ വർഷവും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയ്ക്കായും, ദീർഘിപ്പിക്കലിനായും പദ്ധതികൾ ആസൂത്രണം ചെയ്തുപോരുകയും ലക്ഷങ്ങൾ ഇതിനായി ചെലവഴിക്കുകയും ചെയ്തുപോരുന്നുണ്ട്. എന്നാൽ ഈ കെട്ടിടത്തിന് ഇതുവരെ വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. കൂടാതെ ഇത്രയും വനിതകൾ പകൽ മുഴുവൻ ജോലി ചെയ്യുന്ന ഈ കെട്ടിടത്തിൽ പ്രാഥമിക സൗകര്യങ്ങൾക്കുള്ള യാതൊരു സൗകര്യവും ഒരുക്കിയിട്ടില്ല. താഴത്തെ നിലയിൽ പേരിന് ഒരു ടോയ്ലറ്റ് നിർമ്മിച്ചിട്ടുണ്ടെങ്കിലും വാട്ടർ കണക്ഷൻ ലഭ്യമാക്കാത്തതിനാൽ ഇത് ഒരു പാഴ്ചെലവായി നിലനിൽക്കുന്നു. പ്രാഥമികസൗകര്യത്തിന്റെ അഭാവം കൊണ്ടുമാത്രം ഇതിൽ

പുതിയ വ്യവസായ യൂണിറ്റുകളൊ, ട്രെയിനിംഗ് സെന്ററുകളോ, ട്യൂഷൻ ക്ലാസ്സ് മുതലായ സംരംഭങ്ങളോ ആരംഭിക്കുവാൻ ആളുകൾ മടിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. വാണിജ്യ ആവശ്യം ലക്ഷ്യം വച്ച് കെട്ടിട നിർമ്മാണത്തിനായി തുക ചെലവിടുമ്പോൾ, അതിൽ നിന്നും വാടകയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് വരുമാനം ലഭിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ അപക്വമായ രീതിയിലുള്ള നിർമ്മാണങ്ങൾ ഈ ലക്ഷ്യത്തിന് വിഘാതമാകുന്ന അവസ്ഥയാണുള്ളത്. ശരിയായ പ്ലാനിങ്ങോടു കൂടി, ജനോപകാരപ്രദമായ രീതിയിൽ കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | ഓഡിറ്റിന്റെ ഭാഗമായി അക്കൗണ്ട്സ് പരിശോധിച്ച് സർട്ടിഫിക്കറ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. | കെ,എസ്.എ-ഇ.കെ.എം (പിജി) 1368 (8)/2019 തീ. 24.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | 2018-19 | 500000 | എം.ആർ.എഫ്.ലേക്ക് പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് ബോയിലിങ്ങ് മെഷീനുകൾ വാങ്ങി സ്ഥാപിക്കൽ | 497423 | 2577 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1500000 | സി.എച്ച്.സി.കളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കൽ | 0 | 1500000 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | മാളേകാട് കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ (എസ്.0045/19) | ബിൽ നം. 20/18-19/ 29.10.2018 | 210000 | 0 | 210000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവന നിർമ്മാണം | ജില്ലാ സഹകരണ ബാങ്ക് /014/ 08313/ LN/794/ 643/ 26.4.2013 | 3300000 | 1078000 | 500000 | - | 578000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-15 | 2010-11 | 5.3.7(1) | സ്വന്തമല്ലാത്ത സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം- പദ്ധതിപ്പണം പാഴായി. | w(pc)31034/14 നമ്പറായി ഹൈക്കോടതിയിൽ കേസ് നിലനില്ക്കുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 53286444 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 55574139 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6533 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4347217 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 6533 | | ശ്രീ.ഗൗതമൻ.റ്റി.സത്യപാൽ, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-2 | 982943 | ശ്രീ.ഗൗതമൻ.റ്റി.സത്യപാൽ, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 3-4 | 319700 | ശ്രീ.ഗൗതമൻ.റ്റി.സത്യപാൽ, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 3-7 | 2949728 | ശ്രീമതി.നമിത.ഇ.കെ. സി.ഡി.പി.ഒ. |
| 3-7 | 94846 | ശ്രീ.ഗൗതമൻ.റ്റി.സത്യപാൽ, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 4347217 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഗൗതമൻ.റ്റി.സത്യപാൽ, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | നം.17/27, തച്ചാരുപറമ്പിൽ, തൃപ്പൂണിത്തുറ |
| ശ്രീമതി.നമിത.ഇ.കെ. സി.ഡി.പി.ഒ. | സി.ഡി.പി.ഒ. വൈക്കം ബ്ലോക്ക് പഞ്ചായത്ത് | ചീനാത്തുമഠം, തെക്കേനട, വൈക്കം.പി.ഒ, കോട്ടയം-686141 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |

| | |
|---|---|
| 1998-99 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 1999-2000 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2000-01 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2001-02 | കെ.എസ്.എ-ഇ.കെ.എം (ബിപി) 382/18 തീ. 9.4.2018 |
| 2002-03 | കെ.എസ്.എ-ഇ.കെ.എം (ബിപി) 382/18 തീ. 9.4.2018 |
| 2003-04 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2007-08 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 1991/14/ 23.1.2015 |
| 2011-12 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.2) 266/15/ തീ.16.5.2015 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2014-15 & 2015-16 | കെ.എസ്.എ-ഇ.കെ.എം (ബിപി) 1583/19 തീ. 14.8.2019 |
| 2016-17 | കെ.എസ്.എ ഇ.കെ.എം.(ബി.പി)2338/18/തീ. 07.06.2019 |
| 2017-18 | കെ.എസ്.എ ഇ.കെ.എം.(ബി.പി)341/2019/തീ. 16.7.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

## അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ട് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1413/2018/ത.സ്വ.ഭ.വ. ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെ കുറിച്ചുള്ള കുറിപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. ബി.9 ഷെഡ്യൂളിലെ താഴെ ചേർക്കുന്ന നീക്കിയിരുപ്പിന്റെ വിശദവിവരം ലഭ്യമല്ല.

| Code No. | Particulars | Amount |
|---|---|---|
| 350300109 | Govt & other dues payable | 67070 |

3. RP40(b) STSB Joint Venture Account No.1592 (കോഡ് 450450102) ൽ നീക്കിയിരുപ്പ് 82500/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ബാങ്ക് ബുക്ക് പ്രകാരം ജനുവരി 2019 ലെ നീക്കിയിരുപ്പാണ്. 22.3.2019 ൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 15 ലക്ഷം രൂപ ഉൾപ്പെടെ ഇതിലെ നീക്കിയിരുപ്പ് 1582500/- രൂപയാണ്. 15 ലക്ഷം രൂപ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. ലോൺ അക്കൗണ്ട് ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. 2017-18 എ.എഫ്.എസിലെ ബി.5 ഷെഡ്യൂൾ പ്രകാരം തിരിച്ചടക്കുവാനുള്ള തുക 1078000/- രൂപയാണ്. ഇതിൽ തൻവർഷം അടവാക്കിയ 500000/- രൂപ കുറച്ച് തിരിച്ചടക്കുവാൻ ബാക്കി നിൽക്കുന്ന തുക 578000/- രൂപയാണ്. എന്നാൽ 18-19 എ.എഫ്.എസിലെ ബി.5 ഷെഡ്യൂൾ പ്രകാരം തിരിച്ചടക്കുവാനുള്ള തുക 514500/- എന്നാണ് കാണുന്നത്,
5. ബി.7 ഷെഡ്യൂൾ പ്രകാരം വിവിധ ഹെഡുകളിലൂടെയുള്ള ഡെപ്പോസിറ്റ് നീക്കിയിരുപ്പ് 17,03,690/- രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഹെഡ് വൈസ് അക്കൗണ്ട് എഴുതി നീക്കിയിരുപ്പ് പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
6. കെട്ടിടങ്ങളിൽ നിന്നുള്ള വാടകയുടെ കിട്ടാനുള്ള തുക യഥാർത്ഥ കണക്കുമായി യോജിക്കുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| തൻവർഷം | 601086 (I.3 പ്രകാരം) | 203578 (RP43 പ്രകാരം) | 397508 | ബി.15 പ്രകാരം ഇത് 394120/- എന്നാണ് കാണുന്നത് |
| കുടിശിക | 267375 (17-18 ലെ ബി 15 പ്രകാരം) | 184760 (RP43 പ്രകാരം) | 82615 | ബി.15 പ്രകാരം ഇത് 80921/- എന്നാണ് കാണുന്നത് |

7. വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) എന്നിവയുടെ വരവ് തുക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, RP.7, I.6 എന്നിവയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
8. ബി.18 ഷെഡ്യൂളിൽ 460509901 പ്രകാരം Advance to others എന്നയിനത്തിൽ 295210/- രൂപയും 460100199 പ്രകാരം Other advances എന്നയിനത്തിൽ 416140/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദവിവരം ലഭ്യമല്ല.
9. ഐ.18 ഷെഡ്യൂളിൽ പ്രയർ പിരീഡ് ഇൻകം ക്രമീകരിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ തുകകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ ലഭ്യമല്ല.
10. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി കാണുന്നില്ല.

ജോയിന്റ് ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Mulamthuruthy Block Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide GO (Rt)1413/2018/ LSGD Dated.22/05/2019.

In my opinion the Annual Financial Statement of Mulamthuruthy Block Panchayat in Ernakulam District for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

JOINT DIRECTOR

Abstrct of Deficiencies / Discripancies.

1. Notes on Accounting Policy and Basic Ratios are not included in the Annual Financial Statement.
2. Details of the closing balance of the following item in the B.9 schedule are not furnished.

| Code No. | Particulars | Amount |
|---|---|---|

| | | |
|---|---|---|
| 350300109 | Govt & other dues payable | 67070 |

3. The closing balance of the STSB Joint Venture Account No.1592 (Code 450450102) is Rs.82500/- vide schedule RP40(b). But this amount was the closing balance of January 2019 as per Bank book. The Closing balance as on 31.03.2019 is Rs.1582500/- including the amount of Rs.15 lakh recieved from District Panchayat. This amount is not included in the annual financial statement.
4. The Loan account do not agree with the loan register. Rs. 1078000/- is the balance amount of loan to be paid as on 31.03.2018 vide AFS 2017-18 (B.5 Schedule). During the audit year Rs.5 lakh was remitted to the loan account. Hence the amount outstanding in the loan account became Rs.578000/-. But it is Rs.514500/-vide B.5 Scedule of AFS 2018-19.
5. The outstanding deposit amount is Rs.17,03,690/- vide schedule B.7 schedule. Its not reconcilled with the deposit register.
6. There is a mismatch in the rent receivable head in AFS with the rent register. Details as follow.

| Item | Demand | Collection | Balance | Remarks |
|---|---|---|---|---|
| Current | 601086/- (I.3 schedule) | 203578/- (RP 43 schedule) | 397508 | But as per B.15 schedule it is 394120/- |
| Arrear | 267375/- (B.15 schedule of 2017-18 AFS) | 184760/- (RP 43 schedule) | 82615 | But as per B.15 schedule it is 80921/- |

7. The receipt amount of Development Fund (General and SCP ) and Maintenance Grant (Non Road) vide RP 7 schedule do not agree with I.6 schedule and the appropriation control register.
8. The amount in the items ‘advance to others’ (code 460509901) and ‘other advances’ (code 460100199) in B.18 schedule are Rs.295210/- and 416140/- respectively. The details of the advance amounts are not furnished.
9. Prior period income is seen adjusted vide I.18 schedule. But the authority ensuring this adjustment is not furnished.
10. The asset register is not updated completely including the Land owned by the Panchayat.

JOINT DIRECTOR